**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1590**
**14.07.2016 ലെ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| **എ** | സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഇൻ ചാർജിന്റെ കെ.എസ്എ 5373/എസ്എസ്3/2016 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | ഉണ്ട്. കെ.എസ്.എ.5373/എസ്എസ്3/2016 നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| **ബി** | പ്രസ്തുത ഉത്തരവ് പ്രകാരം 2016 ജൂലൈ 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊഴികെ ഓഡിറ്റ് ക്യാമ്പുകൾ നടത്തേണ്ടതില്ലെന്ന തീരുമാനം അംഗീകരിച്ച് നൽകിയിട്ടുണ്ടോ; | 2016 ജൂലൈ 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊഴികെ ഓഡിറ്റ് ക്യാമ്പുകൾ നടത്തേണ്ടതില്ലെന്ന തീരുമാനം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ എടുത്തിട്ടില്ല. |
| **സി** | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക ഓഡിറ്റിനായി മറ്റ് ഓഡിറ്റ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയത് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഉദ്യോഗസ്ഥരുടെ കുറവ് മൂലമാണോ എന്ന് വ്യക്തമാക്കാമോ; | ചോദ്യം വ്യക്തമല്ല. എങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കീഴിലുള്ള ഓഡിറ്റ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയത് ജില്ലാ ഓഡിറ്റ് കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥരുടെ കുറവ് മൂലമാണ്. |
| **ഡി** | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി പ്രത്യേകം രൂപീകരിച്ചിരിക്കുന്ന ക്യാമ്പുകൾ ജൂലൈ 31 ന ശേഷവും തുടരാൻ ആലോചനയുണ്ടോ? | ഓഡിറ്റ് ക്യാമ്പുകളുടെ പുരോഗതി അവലോകനം ചെയ്തതിന് ശേഷം മാത്രമേ ക്യാമ്പുകൾ തുടരുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്